ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 26-12-2025 TIME : 07.25 AM

## പ്രധാന വാർത്തകൾ

1. പ്രധാനമന്ത്രി രാഷ്ട്രീയ ബാൽ പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ന്യൂഡൽഹിയിൽ സമ്മാനിക്കും.

   **President Droupadi Murmu will confer the Prime Minister's Rashtriya Bal Puraskar awards in New Delhi today.**

2. ഗ്രാമീൺ സടക് യോജനയിലൂടെ എട്ടു ലക്ഷത്തോളം കിലോമീറ്റർ ഗ്രാമീണ റോഡുകൾ നിർമിക്കാനായതായി പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Prime Minister Narendra Modi said that nearly eight lakh kilometres of rural roads have been constructed under the Pradhan Mantri Gram Sadak Yojana.**

3. റെയിൽവേ യാത്ര നിരക്ക്‌വർധന പ്രാബല്യത്തിൽ വന്നു; സീസൺ ടിക്കറ്റ്‌നിരക്കുകളിൽ മാറ്റമില്ല.

   **The hike in railway passenger fares has come into effect; no change in season ticket fares.**

4. കേരളത്തിൽ, നഗരസഭാ അധ്യക്ഷൻമാരുടേയും ഉപാധ്യക്ഷൻമാരുടേയും തിരഞ്ഞെടുപ്പ് ഇന്ന്.

   **In Kerala, the elections of municipal chairpersons and vice-chairpersons will be held today.**

5. മണ്ഡലപൂജയ്ക്ക് അയ്യപ്പ വിഗ്രഹത്തിൽ ചാർത്താനുള്ള തങ്ക അങ്കി ഘോഷയാത്ര ഇന്ന്‌ശബരിമല സന്നിധാനത്തെത്തും.

   **Thanka Anki procession for Mandalapooja to reach Sabarimala Sannidhanam today.**

6. ഇന്ത്യ- ശ്രീലങ്ക വനിതാ ടി20 പരമ്പരയിലെ മൂന്നാം മത്സരം ഇന്ന് തിരുവനന്തപുരത്ത്.

**The third match of the India–Sri Lanka Women's T20 series to be played in Thiruvananthapuram today.**

**&&&&&&&&&&&&&&&&&**

## PREZ RASHTRIYA BAL PURASKAR

പ്രധാനമന്ത്രി രാഷ്ട്രീയ ബാൽ പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ന്യൂഡൽഹിയിൽ സമ്മാനിക്കും. വീർ ബാൽ ദിവസുമായി ബന്ധപ്പെട്ട് സംഘടിപ്പിക്കുന്ന പരിപാടിയെ പ്രധാനമന്ത്രി നരേന്ദ്രമോദി അഭിസംബോധന ചെയ്യും. 20 കുട്ടികളെ ഈ വർഷം പുരസ്കാരത്തിനായി തിരഞ്ഞെടുത്തിട്ടുണ്ട്. ധീരത, കായികം, സാമൂഹിക സേവനം എന്നീ മേഖലകളിലെ മികച്ച പ്രകടനങ്ങൾക്കാണ് പുരസ്കാരം. ഗുരു ഗോബിന്ദ് സിംഗിന്റെ 'സാഹിബ്സാദേകൾ' എന്നറിയപ്പെടുന്ന മക്കളുടെ ധീരതയേയും ത്യാഗത്തെയും അനുസ്മരിച്ചുകൊണ്ടാണ് എല്ലാ വർഷവും ഡിസംബര് 26 വീർ ബാൽ ദിവസ് ആയി ആചരിക്കുന്നത്. കേന്ദ്ര വനിതാ ശിശു വികസന വകുപ്പ് മന്ത്രി അന്നപൂർണ ദേവിയും ചടങ്ങിൽ സംബന്ധിക്കും.

**&&&&&&&&&&&&&&&&&**

## PM GRAM SADAK (INTRO)

മുൻ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയിയുടെ കാലത്ത് എല്ലാ ഗ്രാമങ്ങളിലും റോഡ് സേവനം ഉറപ്പാക്കിയിരുന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. മുൻപ്രധാനമന്ത്രി അടൽബിഹാരി വാജ്പേയിയുടെ 101-ാം ജന്മവാർഷികത്തോടനുബന്ധിച്ച്

ഇന്നലെ ലഖ്നൗവിൽ രാഷ്ട്ര പ്രേരണ സ്ഥൽ ഉത്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. എല്ലാ കാലാവസ്ഥയിലും

ഗ്രാമങ്ങളിലേക്ക് ഗതാഗത സൗകര്യം ഒരുക്കുന്നതിനായി 2000 ഡിസംബർ 25 നാണ് പ്രധാന മന്ത്രി ഗ്രാമീൺ സടക് യോജന ആരംഭിച്ചത്. 25 വർഷം പിന്നിടുമ്പോൾ എട്ടു ലക്ഷത്തോളം കിലോമീറ്ററുള്ള ഗ്രാമീണ റോഡുകളാണ് പദ്ധതിക്ക് കീഴിൽ നിർമിക്കാനായതെന്നും പ്രധാനമന്ത്രി പറഞ്ഞു. കേന്ദ്രസർക്കാരിൻറെ ക്ഷേമ പദ്ധതികൾ സമൂഹത്തിലെ ഓരോ പൗരനും ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതായും പ്രധാനമന്ത്രി പറഞ്ഞു.

(വോയിസ്....)

**&&&&&&&&&&&&&&&&&&**

## DELHI - ATAL CANTEEN

ആരും വിശന്നു കിടക്കാൻ പാടില്ലെന്ന മുൻ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയിയുടെ ദർശനം പൂർത്തീകരിക്കാൻ അടൽ കാന്റീനുകൾ സഹായിക്കുമെന്ന് കേന്ദ്ര മന്ത്രി മനോഹർലാൽ. ഈ സംരംഭം ദശലക്ഷക്കണക്കിന് ജനങ്ങൾക്ക് പ്രയോജനം ചെയ്യുമെന്നും ഇന്നലെ ഡൽഹിയിൽ 'അടൽ കാന്റീൻ' ഉദ്ഘാടനം ചെയ്യവേ കേന്ദ്രമന്ത്രി പറഞ്ഞു. നഗരത്തിലെ ദരിദ്രർക്കും തൊഴിലാളികൾക്കും വേണ്ടിയുള്ള പ്രധാന പദ്ധതിയാണിതെന്ന് ഡൽഹി മുഖ്യമന്ത്രി രേഖ ഗുപ്ത അഭിപ്രായപ്പെട്ടു.

**&&&&&&&&&&&&&&&&&&**

## SHAH-ANTI TERROR CONFERENCE

കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് ന്യൂഡൽഹിയിൽ ഭീകരവിരുദ്ധ സമ്മേളനം ഉദ്ഘാടനം ചെയ്യും. ദേശീയ സുരക്ഷയെ ബാധിക്കുന്ന വിഷയങ്ങളെക്കുറിച്ചും ഭീകരതയിൽ നിന്ന് ഉയർന്നുവരുന്ന ഭീഷണികളെക്കുറിച്ചും സമ്മേളനം ചർച്ച ചെയ്യും.

**&&&&&&&&&&&&&&&&&&**

## PREZ CONSTITUTION

ഇന്ത്യയിലെ ഏറ്റവും പുരാതനമായ ഭാഷകളിൽ ഒന്നായ സന്താലി ഭാഷയിലുള്ള ഭരണഘടനയുടെ പതിപ്പ് രാഷ്ട്രപതി ദ്രൗപദി മുർമു ന്യൂഡൽഹിയിൽ പുറത്തിറക്കി. ഓൽ - ചിക്കി ലിപിയുടെ ശതാബ്ദി ആഘോഷിക്കുന്ന ഈ വേളയിൽ ആ ലിപിയിലാണ് ഭരണഘടന പുറത്തിറക്കിയത്. ഝാർഖണ്ഡ്, ഒഡിഷ, പശ്ചിമ ബംഗാൾ, ബിഹാർ എന്നിവിടങ്ങളിലെ ഒരു വിഭാഗം ഗോത്രവർഗക്കാർ ഉപയോഗിക്കുന്ന ഭാഷയാണ് സന്താലി.

&&&&&&&&&&&&&&&&&

## RAILWAY TICKET

റെയിൽവേ യാത്ര നിരക്കിൽ പ്രഖ്യാപിച്ച വർധന ഇന്നലെ അർധരാത്രി പ്രാബല്യത്തിൽ വന്നു. 215 കിലോമീറ്ററലധികമുള്ള യാത്രകൾക്ക്, ഓർഡിനറി ക്ലാസിൽ കിലോമീറ്ററിന് 1 പൈസ വീതം വർദ്ധിക്കും. മെയിൽ, എക്സ്പ്രസ് ട്രെയിനുകളിലും, എസി ക്ലാസുകളിലും 2 പൈസ വർധനയുണ്ടാകും. എന്നാൽ സബർബൻ സർവീസുകളുടെയും സീസൺ ടിക്കറ്റുകളുടെയും നിരക്കുകളിൽ മാറ്റമില്ല.

നേരത്തെ ബുക്ക് ചെയ്ത ടിക്കറ്റുകൾക്കും നിരക്ക് വർധന ബാധകമല്ല.

&&&&&&&&&&&&&&&&&

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 28 ന് രാവിലെ 11-ന്. പരിപാടിയുടെ 129-ാം പതിപ്പാണിത്. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും

അഭിപ്രായങ്ങളും MyGov, NaMo App എന്നിവയിലൂടെയോ 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലോ ഇന്ന് വരെ അറിയിക്കാം.

&&&&&&&&&&&&&&&&&

## MAYOR

കേരളത്തിൽ, കോർപറേഷൻ മേയർ, ഡെപ്യൂട്ടി മേയർ, മുനിസിപ്പാലിറ്റി ചെയർപഴ്സൺ, വൈസ് ചെയർപഴ്സൺ പദവികളിലേക്കുള്ള തിരഞ്ഞെടുപ്പ് ഇന്ന്. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് തിരഞ്ഞെടുപ്പ് നാളെയാണ്. തിരുവനന്തപുരം നഗരസഭ മേയർ സ്ഥാനാർഥിയായി വി വി രാജേഷിനെയും തൃപ്പൂണിത്തുറയിൽ നഗരസഭ ചെയർപേഴ്സൺ സ്ഥാനാർഥിയായി പി.എൽ ബാബുവിനെയും BJP പ്രഖ്യാപിച്ചു. തൃശ്ശൂർ കോർപ്പറേഷനിൽ നിജി ജസ്റ്റിനാണ് കോൺഗ്രസ് മേയർ സ്ഥാനാർഥി.

&&&&&&&&&&&&&&&&&

## SIR

കേരളത്തിൽ തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണത്തിന്റെ ഭാഗമായി പ്രസിദ്ധീകരിച്ച കരട് വോട്ടർ പട്ടികയിൻമേലുള്ള പരാതികളും അവകാശവാദങ്ങളും ജനുവരി 22 വരെ സമർപ്പിക്കാം. കരടു പട്ടികയിൽ ഉൾപ്പെടാത്ത ASD പട്ടികയിൽ ഉള്ളവരും വോട്ടർ പട്ടികയിൽ ഉൾപ്പെടുത്താനായി അപേക്ഷയും സത്യവാങ്മൂലവും നൽകണം.

&&&&&&&&&&&&&&&&&

## SABARIMALA

മണ്ഡലപൂജയ്ക്ക് അയ്യപ്പ വിഗ്രഹത്തിൽ ചാർത്താനുള്ള തങ്ക അങ്കി ഘോഷയാത്ര ഇന്ന് ശബരിമല സന്നിധാനത്തെത്തും. നാളെ

രാവിലെ 10.10നും 11.30ക്കും മധ്യേയാണ് മണ്ഡലപൂജ. ഇന്നലെ മാത്രം വെർച്വൽക്യൂ വഴി 67,000 തീർഥാടകരും സ്പോട്ട് ബുക്കിംഗ് വഴി 6,872 തീർഥാടകരും ദർശനം നടത്തി.

**&&&&&&&&&&&&&&&&&&**

## T- 20 WOMENS (INTRO)

ഇന്ത്യ- ശ്രീലങ്ക വനിതാ ടി 20 പരമ്പരയിലെ മൂന്നാം മത്സരം ഇന്ന് തിരുവനന്തപുരം കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ. രാത്രി ഏഴിനാണ് പോരാട്ടം.

**വിശദാംശങ്ങളിലേക്ക്........**

**(ഹോൾഡ് - വോയ്സ്..................)**

## T- 20 (VOICE)

ചരിത്രത്തിൽ ആദ്യമായാണ് രാജ്യാന്തര വനിതാ ക്രിക്കറ്റ് മത്സരത്തിന് തിരുവനന്തപുരം വേദിയാകുന്നത്. 5 മത്സരങ്ങളടങ്ങിയ ഇന്ത്യ -ശ്രീലങ്ക വനിതാ ടി- 20 പരമ്പരയിലെ അവസാന മൂന്ന് മത്സരങ്ങളാണ് കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ നടക്കുന്നത്. നാലാം മത്സരം മറ്റന്നാളും അഞ്ചാം മത്സരം ഈ മാസം 30 നും നടക്കും. വിശാഖപട്ടണത്ത് നടന്ന ആദ്യ രണ്ട് മത്സരങ്ങളിൽ ഇന്ത്യ വിജയിച്ചിരുന്നു. ഹർമൻ പ്രീത് കൗർ നയിക്കുന്ന ഇന്ത്യൻ ടീമിന്റെ വൈസ് ക്യാപ്റ്റൻ സ്മൃതി മന്ദാനയാണ്. ജെമിമ റോഡ്രിഗസ്, ഷെഫാലി വർമ, റിച്ച ഘോഷ് എന്നിവരും ടീമിലുണ്ട്. ചമരി അട്ടപ്പട്ടുവാണ് ശ്രീലങ്കൻ ടീമിന്റെ ക്യാപ്റ്റൻ.

ന്യൂസ് ഡെസ്ക് ആകാശവാണി......

**&&&&&&&&&&&&&&&&&&**

## MAOIST LEADER

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നടന്ന നിരവധി മാവോയിസ്റ്റ് ആക്രമണങ്ങളുമായി ബന്ധമുള്ള മാവോയിസ്റ്റ് നേതാവ് ഗണേഷ് ഉയികെ കൊല്ലപ്പെട്ടു. ഒഡീഷയിലെ കാണ്ഡമാൽ ജില്ലയിൽ ഇൻറലിജൻസ് വിവരങ്ങളെ തുടർന്നു നടന്ന തെരച്ചിലിനിടെയുണ്ടായ ഏറ്റുമുട്ടലിലാണ് ഗണേഷ് കൊല്ലപ്പെട്ടത്. ഗണേഷ് ഉയികെയെ കണ്ടെത്താൻ സഹായിക്കുന്നവർക്ക് 1.10 കോടി രൂപ പാരിതോഷികം പ്രഖ്യാപിച്ചിരുന്നു. ഏറ്റുമുട്ടലിൽ മറ്റ് അഞ്ച് മാവോയിസ്റ്റുകൾ കൊല്ലപ്പെട്ടതായി റിപ്പോർട്ടുണ്ട്.

&&&&&&&&&&&&&&&&&

## JK – NEW YEAR ALERT

പാകിസ്ഥാനിൽ നിന്നും ഭീകരരുടെ നുഴഞ്ഞുകയറ്റ സാധ്യതയുണ്ടെന്ന ഇന്റലിജൻസ് റിപ്പോർട്ടിനെത്തുടർന്ന് ജമ്മുവിലെയും പഞ്ചാബിലെയും അതിർത്തി ജില്ലകളിൽ സുരക്ഷാ സേന ജാഗ്രത ശക്തമാക്കി. ഇടതൂർന്ന മൂടൽമഞ്ഞിൻറെ പശ്ചാത്തലത്തിലാണ് ജാഗ്രതാ നിർദ്ദേശം. പഞ്ചാബിലെ ഗുരുദാസ്പൂർ, പത്താൻകോട്ട് എന്നിവിടങ്ങളിൽ കൂടുതൽ സൈനിക വിന്യാസം ഏർപ്പെടുത്തി. അതിർത്തികളിൽ തിരച്ചിലും ശക്തമാക്കിയിട്ടുണ്ട്.

&&&&&&&&&&&&&&&&&

## IMD ORANGE ALERT

ഡൽഹി, പഞ്ചാബ്, പശ്ചിമ ബംഗാൾ, അസം, സിക്കിം ഉൾപ്പടെ 10 ഉത്തരേന്ത്യൻ വടക്കു- കിഴക്കൻ സംസ്ഥാനങ്ങളിൽ ഇടതൂർന്ന മൂടൽ മഞ്ഞിനെ തുടർന്ന് ഓറഞ്ച് ജാഗ്രത പുറപ്പെടുവിച്ചു. അടുത്ത രണ്ട് ദിവസം അതിശൈത്യം തുടരുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി. അതേസമയം രാജ്യ

തലസ്ഥാനത്തെ വായു ഗുണനിലവാരം മോശം വിഭാഗത്തിൽ തുടരുകയാണ്.

**&&&&&&&&&&&&&&&&&**

## UKRAINE -RUSSIA WAR- POPE

യുക്രൈൻ- റഷ്യ യുദ്ധം അവസാനിപ്പിക്കാൻ നേരിട്ടുള്ള ചർച്ചകൾ അത്യാവശ്യമെന്ന് പോപ് ലിയോ.

ഇന്നലെ സെയിന്റ് പീറ്റേഴ്സ് സ്ക്വയറിൽ നടന്ന ആദ്യ പ്രഭാഷണത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. അന്തരാഷ്ട്ര സമൂഹത്തിന്റെ സഹായത്തോടെ നേരിട്ടുള്ള ചർച്ചകൾ ഇരു രാജ്യങ്ങൾക്കിടയിലും സമാധാനം പുനഃസ്ഥാപിക്കാനാകുമെന്നും അദ്ദേഹം പറഞ്ഞു. പ്രസംഗത്തിനിടെ, ഗാസയിലെ പലസ്തീനികളുടെ ദുരവസ്ഥയിൽ അപലപിക്കുന്നതായും പോപ്പ് ലിയോ പറഞ്ഞു.

**&&&&&&&&&&&&&&&&&**

## BANGLA - HASINA - MINORITIES

സ്വന്തം വിശ്വാസങ്ങൾ ആചരിക്കാനുള്ള സ്വാതന്ത്ര്യം എല്ലാ മതങ്ങളിലും സമുദായങ്ങളിലുമുള്ള ജനങ്ങൾക്കുണ്ടെന്ന് ബംഗ്ലാദേശ് മുൻ പ്രധാനമന്ത്രി ഷെയ്ഖ് ഹസീന. അതിൽ ഇടപെടാൻ ആർക്കും അധികാരമില്ലെന്നും അവർ പറഞ്ഞു. മുഹമ്മദ് യൂനുസിന്റെ നേതൃത്വത്തിലുള്ള ഇടക്കാല സർക്കാർ ബംഗ്ലാദേശിൽ ന്യുനപക്ഷങ്ങൾക്കെതിരെ അതിക്രമങ്ങൾ നടത്തുകയാണെന്നും ഷെയ്ഖ് ഹസീന അഭിപ്രായപ്പെട്ടു.

**&&&&&&&&&&&&&&&&&**

## BNP RAHMAN

രാജ്യം എല്ലാ മതവിഭാഗങ്ങളിലുമുള്ള ജനങ്ങളുടേതാണെന്ന് ബംഗ്ലാദേശ് നാഷണലിസ്റ്റ് പാർട്ടി ആക്ടിംഗ് ചെയർമാൻ താരിഖ് റഹ്മാൻ. എല്ലാവരും ഒരുമിച്ച് രാജ്യം കെട്ടിപ്പടുക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നതായും ജനങ്ങൾ സംയമനം പാലിച്ച് രാജ്യത്ത് സമാധാനം നിലനിർത്തണമെന്നും അദ്ദേഹം പറഞ്ഞു. ധാക്കയിൽ പാർട്ടി പ്രവർത്തകരെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&&

## ISRAEL – AIRSTRIKE

വടക്കു-കിഴക്കൻ ലെബനനിൽ ഇസ്രായേൽ നടത്തിയ ആക്രമണത്തിൽ ഇറാൻ ഖുദ്സ് ഫോഴ്സിന്റെ മുതിർന്ന കമാൻഡർ കൊല്ലപ്പെട്ടു. ഇറാൻറെ ഇസ്ലാമിക് റെവല്യൂഷണറി ഗാർഡ് കോർപ്സിൻറെ ഓപ്പറേഷൻസ് യൂണിറ്റിലെ ഉന്നത കമാൻഡറായിരുന്ന ഹുസൈൻ മഹ്മൂദ് മർഷദ് അൽ-ജവ്ഹാരി ആണ് കൊല്ലപ്പെട്ടത്. സിറിയ-ലെബനൻ മേഖലയിൽ ഇസ്രായേലിനെതിരെ ആക്രമണം ആസൂത്രണം ചെയ്യുന്നതിൽ പ്രധാനിയായിരുന്നു അൽ-ജവ്ഹാരി എന്ന് ഇസ്രായേൽ പ്രസ്താവനയിൽ പറഞ്ഞു.

&&&&&&&&&&&&&&&&&
&&&&&&&&&&&
&&&